"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാർഷിക, വ്യവസായ, കൈത്തറി, ഖാദി, കയർ, പട്ടികജാതി പട്ടികവർഗ്ഗ, വനിതാ സഹകരണസംഘങ്ങൾക്ക് ധനസഹായം നൽകുന്നത് - സബ്സിഡി നൽകാവുന്ന ശതമാനവും ഉയർന്ന തുകയും സംബന്ധിച്ച് വ്യക്തത വരുത്തി - സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിൽ കൂട്ടിച്ചേർക്കൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1436/2024/LSGD തീയതി,തിരുവനന്തപുരം, 05-08-2024

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(സാധാ) നം.2759/2022/LSGD; തീയതി 09.11.2022
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.07.2024 -ന് നടന്ന യോഗത്തിന്റെ തീരുമാനം 3.1

**<u>ഉത്തരവ്</u>**

പരാമർശം 1 മാർഗ്ഗരേഖ ഖണ്ഡിക 6.10 (ഇ) പ്രകാരം കാർഷിക, വ്യവസായ, കൈത്തറി, ഖാദി, കയർ, പട്ടികജാതി പട്ടികവർഗ്ഗ, വനിതാ സഹകരണസംഘങ്ങൾക്ക് താഴെപ്പറയുന്ന നിബന്ധനയോടെ ധനസഹായം നൽകാൻ അനുമതി നൽകിയിട്ടുണ്ട്.

i. സംഘത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിർമ്മാണങ്ങൾക്ക് പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ 50 ശതമാനം (പരമാവധി 15.00 ലക്ഷം രൂപ) ധനസഹായം നൽകാം.
ii. തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ് കെട്ടിട നിർമ്മാണമെങ്കിൽ പ്രോജക്ട് പ്രകാരമുള്ള മൊത്തം മെഷർമെന്റ് തുകയും നൽകാം.

2. ഈ വിഷയത്തിൽ, ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെയും കേരള ഖാദി വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും, കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന് സ്വന്തമായി ഉള്ളതും മറ്റ് ഏജൻസികൾ വിട്ടു നൽകിയതുമായ സ്ഥലത്ത് നിലവിലുള്ള യൂണിറ്റുകൾക്ക് ഖാദി-ഗ്രാമവ്യവസായ കെട്ടിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ചർക്കകളും തറികളും മറ്റ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും 100 ശതമാനം സബ്സിഡി നൽകാവുന്നതാണ് എന്നും പരാമർശം 2 പ്രകാരം കൂട്ടിച്ചേർക്കൽ വരുത്തിയിരുന്നു.

3. 100 ശതമാനം സബ്സിഡി നൽകുമ്പോൾ ഉയർന്ന പരിധി ബാധകമാണോ എന്നതു സംബന്ധിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വ്യക്തത കുറവുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിഷയത്തിൽ താഴെപ്പറയും പ്രകാരം വ്യക്തത

വരുത്തി ഉത്തരവാകുന്നു;

ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റേയും കേരള ഖാദി വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും, കേരള ഖാദി വ്യവസായ ബോർഡിന് സ്വന്തമായി ഉള്ളതും മറ്റ് ഏജൻസികൾ വിട്ടു നൽകിയതുമായ സ്ഥലത്ത് നിലവിലുള്ള യൂണിറ്റുകൾക്ക് ഖാദി-വ്യവസായ കെട്ടിട നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ചർക്കകളും തറികളും മറ്റ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും ആകെ ചെലവിന്റെ 50 ശതമാനം നിരക്കിൽ പരമാവധി 30 ലക്ഷം രൂപ സബ്സിഡി നൽകാവുന്നതാണ്. ഖാദി യൂണിറ്റുകൾക്ക് മാത്രമാണ് ഈ നിരക്ക് ബാധകം.

4. മേൽ വ്യവസ്ഥ പരാമർശം 1 മാർഗ്ഗരേഖയുടെ ബന്ധപ്പെട്ട ഖണ്ഡികയിൽ കൂട്ടിച്ചേർത്തും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. സെക്രട്ടറി, ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം -35
2. സെക്രട്ടറി, ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ, തിരുവനന്തപുരം - 1
3. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
7. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
8. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. സഹകരണ വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 05-08-2024 11:15:49

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്